LIBRARY ARCHIVES Kerala Legislative Assembly

എളേരി ആന്റ് അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ള പദ്ധതി

55 [1033] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട എളേരി ആന്റ് അഡ്ജോയിനിംഗ് വില്ലേജസ് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ഭാഗമായി പൈപ്പ് ലൈനിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) സുലഭമായി വെള്ളം ലഭിക്കുന്ന സ്രോതസ്സിൽ കിണർ നിർമ്മാണം പൂർത്തിയായി വരുന്നതിനാൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെസ്റ്റ് എളേരി ആന്റ് അഡ്ജോയിനിംഗ് വില്ലേജസിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ സോൺ-1-ലേക്കുള്ള ഭൂതല ടാങ്കിന്റെയും കിണറിലേക്കുള്ള അപ്രോച്ച് റോഡിന്റെയും പണി പൂർത്തിയായി. കിണറിന്റെ പണി പുരോഗമിച്ചുവരുന്നു. ശുദ്ധീകരണശാലയുടെ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, വിതരണ ശൃംഖല എന്നിവ സ്ഥാപിക്കേണ്ടതുണ്ട്.

(ബി) പൈപ്പ് ലൈനുകളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 2006 ഡിസംബർ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കൂട്ടക്കടവ് ചെക്ക് ഡാം നിർമ്മാണം

56 [1034] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ ജലസംരക്ഷണത്തിനുവേണ്ടി കൂട്ടക്കടവ് ചെക്ക് ഡാം നിർമ്മിക്കുന്നതിനായി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പദ്ധതി നടപ്പിലാക്കാൻ എന്ത് തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി എന്നാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് (2.62 ലക്ഷം രൂപ) തയ്യാറാക്കി. പരിശോധിച്ചുവരുന്നു.

(സി) ഏകദേശം 2.50 കോടി രൂപ ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) വിശദമായ പഠനത്തിനുശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

കിള്ളിയാറിന് കുറുകെ തടയണകൾ നിർമ്മിക്കുന്നതിന് നടപടി

57 [1035] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കിള്ളിയാറിന് കുറുകെ തടയണകൾ നിർമ്മിക്കണമെന്ന നിർദ്ദേശം/ശുപാർശ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് തടയണകൾ നിർമ്മിക്കുന്നതിനുള്ള ശുപാർശ ലഭിച്ചിട്ടുള്ളത്;

(സി) ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ തടയണകൾ അടിയന്തിരമായി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) (1) കരകുളം ഗ്രാമപഞ്ചായത്തിൽ കിള്ളിയാറിന് കുറുകെ കലാഗ്രാമത്തിന് സമീപം തടയണ—തുക—15 ലക്ഷം.

(2) നെടുമങ്ങാട് താലൂക്കിൽ കിള്ളിയാറിന് കുറുകെ കല്ലംപാറയ്ക്കു സമീപം ബലിക്കടവിൽ തടയണ—തുക—14.50 ലക്ഷം.

(3) കരകുളം ഗ്രാമപഞ്ചായത്തിൽ കിള്ളിയാറിന് കുറുകെ മുദി ശാസ്താംകോട് ക്ഷേത്രത്തിന് സമീപം തടയണ—തുക—15 ലക്ഷം.

(4) നെടുമങ്ങാട് മുനിസിപ്പൽ അതിർത്തിയിൽ കിള്ളിയാറിന് കുറുകെ വാളിക്കോട് ഭാഗത്ത് തടയണ—തുക—16.50 ലക്ഷം.

(സി) ടി തടയണകൾ വരൾച്ചാദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly